ഉണ്ടോയെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിനായി ജില്ലാടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതികളോ മറ്റെന്തെങ്കിലും സംവിധാനങ്ങളോ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണ പരിപാടിമൂലം ഓരോ ജില്ലയിലും ഉണ്ടാകുന്ന പുരോഗതിയും വികസന പ്രവർത്തനങ്ങളും (നേട്ടങ്ങളും കോട്ടങ്ങളും) ഓരോ വർഷവും പഠിച്ച് വിലയിരുത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്യോഗസ്ഥരടങ്ങിയ ഒരു ഉന്നതതല കമ്മിറ്റിയെ നിയമിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ആന്റ് (ബി) സംസ്ഥാന ആസൂത്രണ ബോർഡാണ് ജനകീയാസൂത്രണ പദ്ധതി പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് ഉണ്ടായ പുരോഗതി വിലയിരുത്തുന്നത്. 1997-98-ലെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ഉണ്ടായ പുരോഗതി ഇതിനകം വിലയിരുത്തിയിട്ടുണ്ട്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളേയും കമ്പ്യൂട്ടർ ശൃംഖലയിൽ ഏകോപിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി സംസ്ഥാന ആസൂത്രണ ബോർഡ് കേന്ദ്ര ആസൂത്രണ കമ്മിഷന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ആസൂത്രണ കമ്മീഷൻ പദ്ധതി അംഗീകരിച്ച് ഒന്നാം ഗഡുവായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുടർന്നും സാമ്പത്തികസഹായം പ്രതീക്ഷിക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കുന്നതോടെ വിവര ശേഖരണ ശൃംഖല പൂർത്തിയാകുന്നതും പദ്ധതി പ്രവർത്തനങ്ങളും അതിലൂടെയുള്ള പുരോഗതിയും വിലയിരുത്താൻ ഫലപ്രദമായ സംവിധാനം ഉണ്ടാകുന്നതും ആണ്. കൂടാതെ സംസ്ഥാന-ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികളും, ബ്ലോക്ക്-ജില്ലാതലത്തിൽ നടത്തുന്ന അവലോകന യോഗങ്ങളിലും ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ പുരോഗതി ഇപ്പോൾ അവലോകനം ചെയ്തു വരുന്നുണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

16 (*272) കയർ മേഖലയിലെ യന്ത്രവൽക്കരണം

ശ്രീ. വി. ബാലറാം :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ നിർമ്മാണവും കയറുല്പന്നങ്ങളുടെ നിർമ്മാണവും യന്ത്രവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കയറിന്റെയും കയറുല്പന്നങ്ങളുടേയും നിർമ്മാണത്തിന്റെ ഏതെല്ലാം ജോലികൾ ഇപ്പോൾ യന്ത്രവൽക്കരിച്ചിട്ടുണ്ട്;

(സി) യന്ത്രവൽക്കരണം കൂടാതെ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സരത്തെ നേരിടുവാൻ സംസ്ഥാനത്തെ കയർ-കയറുൽപ്പന്ന വ്യവസായത്തിന് സാധിക്കുമോ;

(ഡി) എങ്കിൽ എപ്രകാരമാണെന്ന് വിശദീകരിക്കുമോ;

(ഇ) ഈ വ്യവസായത്തിന്റെ നിലനിൽപ്പിന് എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ യന്ത്രവൽകൃത കയർപിരി യൂണിറ്റുകളും ചകിരി നിർമ്മാണ മില്ലുകളും സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഇതിനായി ആവിഷ്ക്കരിച്ചിട്ടുള്ള സംയോജിത കയർ വികസന പദ്ധതി പ്രകാരം 125 യന്ത്രവൽകൃത കയർപിരി യൂണിറ്റുകളും 58 ചകിരി നിർമ്മാണ മില്ലുകളും സ്ഥാപിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. സെമി ആട്ടോമാറ്റിക് ലൂമുകൾ ഉൾപ്പെടെയുള്ള കയറുല്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയും എൻ.സി.ഡി.സി. യുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവരുന്നു.

(ബി) ചകിരി നിർമ്മാണം, കയർപിരി, കയറ്റുപായ നിർമ്മാണം എന്നിവ ഭാഗികമായി യന്ത്രവൽക്കരിച്ചിട്ടുണ്ട്.

(സി) ഇല്ല. സാധിക്കുകയില്ലായെന്നു കണ്ടതുകൊണ്ടാണ് ചകിരി നിർമ്മാണം കയർ നിർമ്മാണം എന്നീ മേഖലകൾ യന്ത്രവൽക്കരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നത്.

(ഡി) കയർ തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടാത്ത വിധം കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും മിതമായ കൂലി ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ വ്യവസായത്തെ യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നത്.

(ഇ) ഈ വ്യവസായത്തിന്റെ നിലനില്പിനായി താഴെ സൂചിപ്പിച്ചിരിക്കുന്ന മേഖലയിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

1. കയർ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കി കൂടുതൽ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിന് സഹായകരമായ പദ്ധതികൾ.

2. പ്രാഥമിക കയർ സഹകരണ സംഘങ്ങളുടേയും ചെറുകിട ഉല്പാദകരുടേയും കയർയാൺ/കയർ ഉല്പന്നങ്ങൾ എന്നിവയുടെ വിപണനം ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ.

3. കയർ വ്യവസായം യന്ത്രവൽക്കരിക്കുന്നതിനും പുതിയയിനം കയറുല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് സഹായകരമായ ഗവേഷണങ്ങൾ നടത്തുന്നതിനും ധനസഹായം നൽകുന്ന പദ്ധതി.

4. വൈവിദ്ധ്യമാർന്ന കയറുല്പങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ.

17 (*273) ഖാദി മേഖലയുടെ നവീകരണം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly